ഉത്തരം

ഉണ്ട്. അവ താഴെ പറയുന്നവയാണ്.

(1) സ്പോർട്ട്സിലും ഗെയിംസിലും ആഭിമുഖ്യവും വിരുതുമുള്ള കായിക താരങ്ങളെ കണ്ടെത്തി അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകാൻ, അവരുടെ ബോർഡിംഗിനും ലോഡ്ജിംഗിനും മറ്റുമുള്ള ചെലവുകൾ സർക്കാർ വഹിച്ച് സ്പോർട്സ് സ്കൂളുകളും സ്പോർട്സ് ഡിവിഷനുകളും സ്പോർട്സ് ഹോസ്റ്റലുകളും നടത്തുന്നുണ്ട്.

(2) സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്.

(3) എഞ്ചിനീയറിംഗ്, മെഡിസിൻ ഉൾപ്പെടെ 19 കോഴ്സുകൾക്ക് പ്രവേശനത്തിന് കായികതാരങ്ങൾക്ക് പ്രത്യേകമായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

(4) സർക്കാർ നിയമനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. സ്പോർട്സിലെ പ്രാഗൽഭ്യം കണക്കിലെടുത്ത് അധിക മാർക്കുകൾ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(5) അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ വിജയിക്കുന്നവർക്ക് മെഡലുകൾ സമ്മാനിച്ച് സ്പോർട്സ് കൗൺസിൽ അവരെ ബഹുമാനിക്കുന്നുണ്ട്.

(6) അന്തർസംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ സ്വർണ്ണമെഡൽ നേടുന്നവർക്ക് കാഷ് അവാർഡുകൾ നൽകുന്നുണ്ട്.

(7) സ്പോർട്സ് രംഗത്ത് ഉന്നത നേട്ടങ്ങൾ കൈവരുത്തുന്നവർക്ക് 5000 രൂപയുടെ ജി. വി. രാജാ കാഷ് അവാർഡുകൾ നൽകുന്നുണ്ട്.

(8) കേരളത്തിലെ പ്രഗൽഭരായ കായിക താരങ്ങളെ വിദേശങ്ങളിലയച്ച് വിദഗ്ദ്ധ പരിശീലനം ലഭിക്കുന്നതിനും വിദഗ്ദ്ധ പരിശീലകരെ വരുത്തി അവർക്കു പരിശീലനം നൽകുന്നതിനും കേന്ദ്രഗവൺമെന്റിന്റെ സഹകരണം പ്രതീക്ഷിച്ചു നടപടികൾ സ്വീകരിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പിന്റെ പുനഃസംഘടന

735 [1070] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പുനഃസംഘടനയുടെ സ്വഭാവം ഏതു വിധത്തിലായിരിക്കും എന്നും എന്നത്തേയ്ക്കു നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണ ജോലികളും രണ്ട് വിഭാഗങ്ങളായി തിരിച്ച് റോഡ് സംരക്ഷണത്തിന് മാത്രമായി പ്രത്യേക ഡിവിഷനുകൾ രൂപീകരിക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. വിശദാംശങ്ങൾ കൂടുതൽ സൂക്ഷ്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. കാലതാമസമെന്യേ ഈ നിർദ്ദേശങ്ങൾക്ക് അന്തിമരൂപം കൊടുക്കാൻ സാധിക്കുമെന്ന് കരുതുന്നു.

ജലസേചന പദ്ധതികളുടെ പണി

736 [1071] ശ്രീ. കെ. പി. നൂറുദ്ദീൻ :
ശ്രീ. എം. പി. മൊയ്തീൻ:
ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജലസേചന പദ്ധതികളുടെ പണി ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) 'കക്കടവ്' ജലസേചന പദ്ധതിയുടെ പണി എത്രത്തോളമായി; ഇത് പൂർത്തിയാകാൻ എന്തു കാലതാമസം വരും;

(സി) കക്കടവു പ്രോജക്ടറ് മൂലം കാർഷിക രംഗത്ത് എന്തു മെച്ചമുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ഡി) ഈ പദ്ധതി പൂർത്തിയാകുന്നതിനുള്ള കാലതാമസംകൊണ്ട് എന്തു നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏഴ് വൻകിട ജലസേചന പദ്ധതികളുടെ പണി ഈ വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അവ:

1. ഇടമലയാർ
2. മീനച്ചൽ
3. വാമനപുരം
4. ബേപ്പൂർ പുഴ
5. കുരിയാർകുറ്റി—കരപ്പാറ
6. കക്കടവ്
7. ബാണാസുരസാഗർ

(ബി) കക്കടവ് ജലസേചന പദ്ധതിയുടെ പ്രാഥമിക പണികൾ മാത്രമേ ഇപ്പോൾ തുടങ്ങുന്നുള്ളൂ. പ്രസ്തുത പദ്ധതി 7.-ാം പഞ്ചവൽസര പദ്ധതി കാലത്തു പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly